# കേന്ദ്രവഞ്ചനയ്ക്കെതിരെ പ്രതിഷേധമാർച്ച് നാളെ

തിരു: കേന്ദ്രസർക്കാരിന്റെ തൊഴിലാളിവഞ്ചനയിൽ പ്രതിഷേധിച്ച് കെഎസ്എഫ്ഇ ഹെഡ്ഓഫീസിലേക്കും മേഖലാ ഓഫീസുകളിലേക്കും ശനിയാഴ്ച മാർച്ച് നടത്തും.

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ മിനിമം 1000 രൂപയായും പരമാവധി പെൻഷൻ കണക്കാക്കുന്ന ശമ്പളം 6500ൽ നിന്ന് 15000 രൂപയായും വർധിപ്പിച്ച് പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റിന്റെ നിർദേശം കേന്ദ്രസർക്കാർ അംഗീകരിച്ചെന്ന് തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷനുമുമ്പ് പ്രഖ്യാപിച്ചിട്ടും നാളിതുവരെ അതിന് ആവശ്യമായ വിജ്ഞാപനം ഇറക്കാത്തത് വഞ്ചനയാണെന്ന് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന പ്രസിഡന്റ് എ കെ ബാലൻ എംഎൽഎയും കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ എൻ ബാലഗോപാൽ എംപിയും പ്രസ്താവനയിൽ പറഞ്ഞു.

സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളടക്കം ലക്ഷക്കണക്കിനുപേർക്ക് പ്രയോജനം ലഭിക്കുന്ന ഈ നിർദേശം നടപ്പാക്കാത്തതിലൂടെ കേന്ദ്രസർക്കാരിന്റെ തൊഴിലാളി വഞ്ചന ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ്. വളരെ തുച്ഛമായ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന കെഎസ്എഫ്ഇ ജീവനക്കാർക്കും പരമാവധി പരിധി വർധിപ്പിച്ചതിന്റെ പ്രയോജനം ലഭിക്കുമായിരുന്നു.

1995ൽ തൊഴിലാളികളുടെ കുടുംബപെൻഷൻ ഫണ്ടിൽ ഉണ്ടായിരുന്ന 70,000 കോടി രൂപയാണ് പ്രാരംഭ കോർപ്പസായി ഉണ്ടായിരുന്നത്. 20 വർഷം പെൻഷൻ കൊടുത്തിട്ടും 2013 മാർച്ച് 31ന്റെ പെൻഷൻ ഫണ്ടിലെ നീക്കിയിരിപ്പ് 1,62,980 കോടിയാണ്. ഫണ്ടിൽ തുക കുമിഞ്ഞുകൂടുമ്പോഴും പെൻഷൻപദ്ധതി അട്ടിമറിക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുകയാണ്. പ്രോവിഡന്റ്ഫണ്ട് ബോർഡിന്റെ നിർദേശമനുസരിച്ചുള്ള ഒരു ക്ഷാമാശ്വാസവും ഇതുവരെയും അനുവദിച്ചിട്ടില്ല.

കേന്ദ്രസർക്കാരിന്റെ തൊഴിലാളിവഞ്ചനയിൽ കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയൻ, കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംഘടനകൾ ശക്തമായി പ്രതിഷേധിച്ചു.